# മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 8**

---

*ശിൽപ്പശാല ഇന്ന്*

## എം.ജി. സർവകലാശാലയിൽ രാജ്യാന്തര സമ്മേളനം നാളെ മുതൽ

ജല ശുദ്ധീകരണത്തിൽ മെംബ്രെയ്ൻ സയൻസിന്റെ നൂതന സാധ്യതകൾ വിലയിരുത്തുന്ന രാജ്യാന്തര സമ്മേളനം നാളെ(മാർച്ച് 10) മുതൽ 12 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.

സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്വീഡനിലെ ലൺഡ് സർവകലാശാല, ഈജിപ്തിലെ നാഷണൽ റിസർച്ച് സെന്റർ എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

സമ്മേളനത്തിന് മുന്നോടിയായുള്ള ഏകദിന ശിലർപ്പശാല ഇന്ന്(മാർച്ച് 9) നടക്കും. നാളെ(മാർച്ച് 10) രാവിലെ പത്തിന് ലൺഡ് സർവകലാശാലയിലെ പ്രഫ. ഫാങ്ക് ലിപ്നിസ് കിയും ഈജിപ്തിൽനിന്നുള്ള പ്രഫ. മാർവ ഷലാബിയും ചേർന്ന് സമ്മേളനം ഉദ്ഘാടനം ചെയ്യും. എം.ജി. സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

ജലശുദ്ധീകരണത്തിനായി ഉപയോഗിക്കുന്ന സ്തരങ്ങൾ തയ്യാറാക്കുന്നതിന് വിവിധ വിഷയ മേഖലകൾ ചേർന്നു നടത്തുന്ന ഗവേഷണങ്ങളെക്കുറിച്ചാകും ഓൺലൈൻ, ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലായി നടക്കുന്ന സമ്മേളനം പ്രധാനമായും ചർച്ച ചെയ്യുക. വിവിധ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ധരും പുതുതലമുറ ഗവേഷകരും പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/272/2023)

## ഡോ. സി.ടി അരവിന്ദകുമാറിന് ഫുൾബ്രൈറ്റ് ഫെലോഷിപ്പ്

മഹാത്മാ ഗാന്ധി സർവകലാശാലാ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന് യു.എസ് -ഇന്ത്യ ഫുൾബ്രൈറ്റ് ഫെലോഷിപ്പ്. ഇന്ത്യയിലെ സർവകലാശാലകളിലും കോളജുകളിലും പ്രധാന പദവികൾ വഹിക്കുന്നവർക്ക്

അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠനത്തിന് അവസരം നൽകുന്ന ഫുൾബ്രൈറ്റ് നെഹ്റു ഇൻറർനാഷണൽ എജ്യുക്കേഷൻ അഡ്മിനിസ്ട്രേറ്റേഴ്സ് സെമിനാറിലേക്കാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്.

അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണം, അക്രഡിറ്റേഷൻ, സാമ്പത്തിക വിഭവസമാഹരണം, സ്റ്റുഡൻറ് സർവീസസ്, അമേരിക്കൻ കാമ്പസുകളിലെ രാജ്യാന്തര വിദ്യാഭ്യാസം തുടങ്ങിയവയെക്കുറിച്ച് മനസിലാക്കാനും അതോടൊപ്പം ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കാനും ഡോ. അരവിന്ദകുമാറിന് അവസരം ലഭിക്കും.

വിവിധ കാമ്പസുകളിലും വിദ്യാഭ്യാസ കേന്ദ്രങ്ങളിലും നടക്കുന്ന മീറ്റിംഗുകളിൽ ഗവേഷണ പങ്കാളിത്തം, അധ്യാപകരുടെയും വിദ്യാർഥികളുടെയും കൈമാറ്റം, വിദേശ പഠനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും.

സർവകലാശാലകളെയും കോളജുകളെയും മികവിൻറെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിൻറെ ചുമതലയുള്ള അക്കാദമിക് വിദഗ്ധരെയാണ് ഫെലോഷിപ്പിന് പരിഗണിക്കുന്നത്.

ഫെലോഷിപ്പിൻറെ ഭാഗമായി ഡോ. അരിവന്ദകുമാർ ജൂൺ മാസത്തിൽ അമേരിക്കയിലേക്ക് പോകും. അമേരിക്കയിലെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഡ്യൂക്ക് സർവകലാശാല എന്നിവിടങ്ങളിൽ ഉൾപ്പെടെ വിവിധ രാജ്യങ്ങളിലായി പതിനഞ്ചോളം രാജ്യാന്തര പഠന ഗവേഷണ പദ്ധതികളിൽ പങ്കാളിയാണ് ഇദ്ദേഹം.

(പി.ആർ.ഒ/39/273/2023)

## അപേക്ഷാതീയതി നീട്ടി

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.എച്ച്.എം, എം.എം.എച്ച്, എം.ടി.ടി.എം (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴയോടു കൂടി ഇന്നും നാളെയും(മാർച്ച് 9, 10) സൂപ്പർ ഫൈനോടു കൂടി മാർച്ച് 11 മുതൽ 13 വരെയും അപേക്ഷ സമർപ്പിക്കാം

(പി.ആർ.ഒ/39/274/2023)

## പരീക്ഷാതീയതി

ഒന്ന്,രണ്ട്,മൂന്ന്,നാല് വർഷ ബി.എസ്.സി എം.എൽ.ടി സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ മാർച്ച് 27ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/275/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൻറെ ഒന്നാം സെമസ്റ്റർ എം.എഡ്

(സി.എസ്.എസ്, 2022-24 ബാച്ച്), മൂന്നാം സെമസ്റ്റർ എം.എഡ് (സി.എസ്.എസ്, 2021-23 ബാച്ച്) പരീക്ഷകൾ മാർച്ച് 27 ന് ആരംഭിക്കും.

പിഴയില്ലാതെ മാർച്ച് 17 വരെയും പിഴയോടു കൂടി മാർച്ച് 20 വരെയും സൂപ്പർഫൈനോടു കൂടി മാർച്ച് 21നും വകുപ്പ് ഓഫീസിൽ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/276/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് ബിസിനസ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ (2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതത് കേന്ദ്രങ്ങളിൽ മാർച്ച് 16,17 തീയതികളിൽ നടത്തും.

(പി.ആർ.ഒ/39/277/2023)

## പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (പി.ജി.സി.എസ്.എസ് - 2017, 2018 അഡ്മിഷനുകൾ സപ്ലിമെൻററി - ജനുവരി 2022) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ മാർച്ച് 22 വരെ ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ)യ്ക്ക് സമർപ്പിക്കാം.

....................

മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2019 അഡ്മിഷൻ റഗുലർ - ജൂൺ 2022) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ മാർച്ച് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

......................

2022 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെൻറ്(എം.ടി.ടി.എം)(2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ മാർച്ച് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/278/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**